10
സെപ്റ്റംബർ 2016
ശനി
1192 ചിങ്ങം 25

മലയാള മനോരമ
ESTABLISHED 1888

കൊച്ചി
26 പേജ്
₹ 6.50
**

കോട്ടയം | കോഴിക്കോട് | കൊച്ചി | തിരുവനന്തപുരം | പാലക്കാട് | കണ്ണൂർ | കൊല്ലം | തൃശൂർ | മലപ്പുറം | പത്തനംതിട്ട | ആലപ്പുഴ | മുംബൈ | ചെന്നൈ | ബെംഗളൂരു | ഡൽഹി | മംഗളൂരു | ബഹ്റൈൻ | ദുബായ് | ദോഹ ISSN-0972-0022 www.manoramaonline.com

# ചെറുമൽസ്യങ്ങളെ പിടിക്കുന്നതു തടയാൻ സംയോജിതശ്രമം വേണമെന്നു നിർദേശം

കൊച്ചി • സ്രാവ്, തിരണ്ടി തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ പിടിക്കുന്നതു തടയുന്നതിനു സംയോജിതശ്രമം വേണമെന്നു മൽസ്യത്തൊഴിലാളികൾ. വംശനാശഭീഷണി നേരിടുന്ന ജീവിവർഗങ്ങളുടെ പട്ടികയിൽപ്പെട്ട സ്രാവ്, തിരണ്ടി വർഗങ്ങളുടെ ലഭ്യതയും കച്ചവടവുമായി ബന്ധപ്പെട്ടു കേന്ദ്ര സമുദ്രമൽസ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തിയ ചർച്ചയിലാണ് ഈ നിർദേശം. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദേശമനുസരിച്ചു സിഎംഎഫ്ആർഐ തയാറാക്കുന്ന റിപ്പോർട്ടിലേക്ക് അഭിപ്രായം ശേഖരിക്കുന്നതിന്റെ ഭാഗമായാണു മൽസ്യത്തൊഴിലാളികൾ, കച്ചവടക്കാർ, കയറ്റുമതിക്കാർ, ശാസ്ത്രജ്ഞർ എന്നിവരുടെ സംയുക്ത ചർച്ച നടത്തിയത്.

ചെറു മൽസ്യങ്ങളെ പിടിക്കുന്നതു തടയുന്നതിനോടു പൂർണമായി യോജിക്കുന്നുവെന്നു മൽസ്യത്തൊഴിലാളി പ്രതിനിധികൾ വ്യക്തമാക്കി. ഇതിനായി ശാസ്ത്രസമൂഹവുമായി ചേർന്നു പ്രവർത്തിക്കാൻ തയാറാണെന്നും ഇവർ അറിയിച്ചു. ചെറുമൽസ്യങ്ങളെ വ്യാപകമായി പിടിക്കുന്നതു സ്രാവ്, തിരണ്ടി മൽസ്യങ്ങൾ കുറയാൻ കാരണമായതായി സിഎംഎഫ്ആർഐയുടെ പഠനത്തിൽ കണ്ടെത്തിയിരുന്നു. അനധികൃതവും അശാസ്ത്രീയവുമായ മൽസ്യബന്ധന രീതികളിൽ നിന്നു വിട്ടുനിൽക്കാൻ വ്യാപകമായ ബോധവൽക്കരണം നടത്തണമെന്നും തൊഴിലാളികൾ ആവശ്യപ്പെട്ടു.

2012ൽ 40 ടൺ തിരണ്ടി ലഭിച്ചപ്പോൾ 2015ൽ അത് അഞ്ചു ടണ്ണായി ചുരുങ്ങിയെന്നു സിഎംഎഫ്ആർഐ ഡയറക്ടർ ഡോ.എ.ഗോപാലകൃഷ്ണൻ പറഞ്ഞു. സിഎംഎഫ്ആർഐയിലെ ഡെമേഴ്സൽ ഫിഷറീസ് വിഭാഗം തലവൻ ഡോ.പി.യു.സക്കറിയ, പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. ശോഭ കിഴക്കൂടൻ, ഡോ.രേഖ ജെ. നായർ, ഡോ.ആർ.നാരായണകുമാർ, വൈൽഡ് ലൈഫ് കൺട്രോൾ ബോർഡ് അസി. ഡയറക്ടർ എ.മാധവൻ, ഡോ.ടി.എം.നജ്മുദ്ദീൻ എന്നിവർ പ്രസംഗിച്ചു.